## മധുരമായ കുട്ടികളേ - ഒരിക്കലും ക്ഷീണിച്ച് ഓർമ്മയുടെ യാത്ര ഉപേക്ഷിക്കരുത്, സദാ ദേഹീഅഭിമാനിയായി ഇരിക്കുന്നതിനുള്ള പ്രയത്നം ചെയ്യൂ, ബാബയുടെ സ്നേഹം ആകർഷിക്കുന്നതിന് അഥവാ മധുരമായി മാറുന്നതിന് വേണ്ടി ഓർമ്മയിലിരിക്കൂ.

**ചോദ്യം:-** 16 കലാ സമ്പൂർണ്ണം അഥവാ സമ്പൂർണ്ണമാകുന്നതിന് വേണ്ടി ഏതൊരു പുരുഷാർത്ഥം തീർച്ചയായും ചെയ്യണം?
**ഉത്തരം:-** എത്ര സാധിക്കുമോ സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ. സ്നേഹത്തിന്റെ സാഗരമായ ബാബയെ ഓർമ്മിക്കൂ എങ്കിൽ സമ്പൂർണ്ണമായി മാറാൻ സാധിക്കും. ജ്ഞാനം വളരെ സഹജമാണ് എന്നാൽ 16 കലാ സമ്പൂർണ്ണമായി മാറുന്നതിന് വേണ്ടി ഓർമ്മയിലൂടെ ആത്മാവിനെ സമ്പൂർണ്ണമാക്കി മാറ്റണം. ആത്മാവാണെന്ന് മനസ്സിലാക്കുന്നതിലൂടെ മധുരമായി മാറും. എല്ലാ പ്രശ്നങ്ങളും സമാപ്തമാകും.

**ഗീതം:-** അങ്ങ് സ്നേഹത്തിന്റെ സാഗരമാണ്....

**ഓം ശാന്തി**. സ്നേഹത്തിന്റെ സാഗരൻ തന്റെ കുട്ടികളെയും അങ്ങനെ സ്നേഹത്തിന്റെ സാഗരമാക്കി മാറ്റുന്നു. കുട്ടികളുടെ ലക്ഷ്യം തന്നെ ഇതാണ് നമ്മൾ ഇങ്ങനെയുള്ള ലക്ഷ്മീ നാരായണനായി മാറും. ഇവരെ എല്ലാവരും വളരെയധികം സ്നേഹിക്കുന്നു. കുട്ടികൾക്കറിയാം ബാബ നമ്മെ ഇവരെപ്പോലെ മാധുര്യമുള്ളവരാക്കി മാറ്റുന്നു. ഇവിടെ തന്നെ മാധുര്യമുള്ളവരായി മാറണം. ഓർമ്മയിലൂടെയേ ആയിത്തീരൂ. ഭാരതത്തിന്റെ യോഗം പാടപ്പെട്ടിട്ടുള്ളതാണ്, ഇതാണ് ഓർമ്മ. ഈ ഓർമ്മയിലൂടെ തന്നെയാണ് നിങ്ങൾ ഇവരെപ്പോലെ വിശ്വത്തിന്റെ അധികാരിയായി മാറുന്നത്. ഇതിലാണ് കുട്ടികൾക്ക് പ്രയത്നിക്കേണ്ടത്. നിങ്ങൾ ഈ അഹങ്കാരത്തിൽ വരരുത്, എനിക്ക് ഒരുപാട് ജ്ഞാനമുണ്ട്. മുഖ്യമായ കാര്യമാണ് ഓർമ്മ. ഓർമ്മ തന്നെയാണ് സ്നേഹം നൽകുന്നത്. വളരെ മധുരവും വളരെ സ്നേഹിയുമാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഉയർന്ന പദവി നേടാൻ ആഗ്രഹിക്കുന്നുവെങ്കിൽ പരിശ്രമം ചെയ്യൂ. ഇല്ലായെങ്കിൽ വളരെയധികം പശ്ചാത്തപിക്കേണ്ടി വരും എന്തുകൊണ്ടെന്നാൽ ഓർമ്മയിലിരിക്കാൻ സാധിക്കാത്ത അനേകം കുട്ടികളുണ്ട്, ക്ഷീണിച്ചുപോകുമ്പോൾ ഉപേക്ഷിക്കുന്നു. ഒന്നാണെങ്കിൽ, ദേഹീ അഭിമാനിയായി മാറുന്നതിന് വേണ്ടി വളരെയധികം പ്രയത്നിക്കൂ. ഇല്ലായെങ്കിൽ വളരെ കുറഞ്ഞ പദവി നേടും. ഇത്രയും മധുരമായി ഒരിക്കലും മാറില്ല. വളരെ കുറച്ച് കുട്ടികളാണ് ആകർഷിക്കുന്നവരായിട്ടുള്ളത്, എന്തുകൊണ്ടെന്നാൽ ഓർമ്മയിലിരിക്കുന്നു. കേവലം ബാബയുടെ ഓർമ്മ ഉണ്ടായിരിക്കണം. എത്ര ഓർമ്മിക്കുന്നുവോ അത്രയുമധികം മധുരമായി മാറും. ഈ ലക്ഷ്മീ നാരായണനും കഴിഞ്ഞ ജന്മത്തിൽ ഒരുപാട് ഓർമ്മിച്ചിരുന്നു. ഓർമ്മയിലൂടെയാണ് മധുരമായി മാറിയത്. സത്യയുഗത്തിലെ സൂര്യവംശീ ആദ്യ നമ്പറിലാണ്, ചന്ദ്രവംശീ സെക്കന്റ് നമ്പറിലായി പോകും. ഈ ലക്ഷ്മീ നാരായണൻ വളരെ പ്രിയമുള്ളവരാകുന്നു. ഈ ലക്ഷ്മീ നാരായണന്റെ ഫീച്ചറിലും രാമൻ - സീതയുടെ ഫീച്ചറിലും വളരെയധികം വ്യത്യാസമുണ്ട്. ഈ ലക്ഷ്മീ നാരായണന് മേൽ ഒരിക്കലും കളങ്കം ചാർത്തുന്നില്ല. കൃഷ്ണന് മേൽ തെറ്റായി കളങ്കം ചാർത്തിയിരിക്കുന്നു, രാമൻ- സീതയിലും കളങ്കം ചാർത്തിയിരിക്കുന്നു.

ബാബ പറയുന്നു, വളരെ മധുരമായി അപ്പോഴേ മാറൂ എപ്പോഴാണോ നമ്മൾ ആത്മാവാണെന്ന് മനസ്സിലാക്കുന്നത്. ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുന്നതിൽ വളരെയധികം ലഹരിയാണ്. എത്ര ഓർമ്മിക്കുന്നുവോ അത്രയും സതോപ്രധാനം, 16 കലാ സമ്പൂർണ്ണമായി മാറും. 14 കലാ കുറവുള്ളതാണ് വീണ്ടും കൂടുതൽ കുറയുന്നു. 16 കലാ സമ്പൂർണ്ണമായി മാറണം. ജ്ഞാനം തീർത്തും സഹജമാണ്. ആർക്കുവേണമെങ്കിലും പഠിക്കാൻ കഴിയും. 84 ജന്മങ്ങൾ കൽപ-കൽപം എടുത്തു വന്നു. എപ്പോൾ വരെ പൂർണ്ണമായി പവിത്രമാകുന്നില്ലയോ, ആർക്കും തന്നെ തിരിച്ച് പോകാൻ സാധിക്കില്ല, ഇല്ലായെങ്കിൽ ശിക്ഷകൾ അനുഭവിക്കേണ്ടി വരും. ബാബ ഇടക്കിടക്ക് മനസ്സിലാക്കിത്തരുന്നു, എത്ര സാധിക്കുമോ ആദ്യമാദ്യം ഈ ഒരു കാര്യം ഉറച്ചതാക്കൂ ഞാൻ ആത്മാവാണ്. നമ്മൾ ആത്മാക്കൾ തന്റെ വീട്ടിലിരിക്കുമ്പോൾ സതോപ്രധാനമാണ് പിന്നീട് ഇവിടെ ജന്മമെടുക്കുന്നു. ചിലർ എത്ര ജന്മം, ചിലർ എത്ര ജന്മമെടുക്കുന്നു. പിന്നീട് തമോപ്രധാനമായി മാറുന്നു. ലോകത്തിന്റെ ആ മഹത്വം കുറഞ്ഞ് വരുന്നു. പുതിയ വീടാകുമ്പോൾ അതിൽ വളരെയധികം സുഖം ഉണ്ടാകുന്നു. പിന്നീട് കുറവ് സംഭവിക്കുന്നു, കലകൾ കുറഞ്ഞു പോകുന്നു. അഥവാ നിങ്ങൾ കുട്ടികൾക്ക് പെർഫെക്ട് ലോകത്തിൽ പോകണമെങ്കിൽ പെർഫെ

ക്ടായി മാറണം. കേവലം ജ്ഞാനത്തെ സമ്പൂർണ്ണമെന്ന് പറയാൻ സാധിക്കില്ല. ആത്മാവിനെ പെർഫെക്ടാക്കണം. എത്ര സാധിക്കുമോ പരിശ്രമം ചെയ്യൂ – ഞാൻ ആത്മാവാണ്, ബാബയുടെ കുട്ടിയാണ്. ഉള്ളിൽ വളരെയധികം സന്തോഷമുണ്ടായിരിക്കണം. മനുഷ്യർ തന്നെ ദേഹധാരിയാണെന്ന് മനസ്സിലാക്കി സന്തോഷിക്കുന്നു. ഞാൻ ഇന്നയാളുടെ കുട്ടിയാണ്... അത് അൽപകാലത്തെ ലഹരിയാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബയോടൊപ്പം പൂർണ്ണമായ ബുദ്ധിയോഗം വയ്ക്കണം, ഇതിൽ സംശയിക്കരുത്. അഥവാ വിദേശത്തിൽ എവിടെ വേണമെങ്കിലും പോയ്ക്കോളൂ കേവലം ഒരു കാര്യം ഉറപ്പിക്കൂ, ബാബയെ ഓർമ്മിക്കണം. ബാബ സ്നേഹത്തിന്റെ സാഗരമാണ്. ഈ മഹിമ ഒരു മനുഷ്യന്റെയുമല്ല. ആത്മാവ് തന്റെ പിതാവിന്റെ മഹിമ ചെയ്യുന്നു. ആത്മാക്കൾ എല്ലാവരും പരസ്പരം സഹോദര– സഹോദരന്മാരാണ്. എല്ലാവരുടെയും പിതാവ് ഒന്ന് മാത്രമാണ്. ബാബ എല്ലാവരോടും പറയുകയാണ്– കുട്ടികളേ, നിങ്ങൾ സതോപ്രധാനമായിരുന്നു ഇപ്പോൾ തമോപ്രധാനമായി മാറിയിരിക്കുന്നു. തമോപ്രധാനമായതുകൊണ്ട് നിങ്ങൾ ദു:ഖിതരായിരിക്കുന്നു. ഇപ്പോൾ ആത്മാവായ എന്നോട് പരമാത്മാവായ ബാബ പറയുകയാണ് നിങ്ങൾ ആദ്യം സമ്പൂർണ്ണമായിരുന്നു. എല്ലാ ആത്മാക്കളും അവിടെ സമ്പൂർണ്ണർ തന്നെയാണ്. കേവലം പാർട്ട് വേറെ വേറെയാണ്, എന്നാൽ സമ്പൂർണ്ണം തന്നെയല്ലേ. പവിത്രതയില്ലാതെ അവിടേക്ക് ആർക്കും പോകാൻ സാധിക്കില്ല. സുഖധാമത്തിൽ നിങ്ങൾക്ക് സുഖവുമുണ്ട് ശാന്തിയുമുണ്ട്, അതിനാൽ നിങ്ങളുടേത് ഉയർന്നതിലും ഉയർന്ന ധർമ്മമാണ്. അളവറ്റ സുഖമുണ്ടാകുന്നു. ചിന്തിക്കൂ നമ്മൾ എന്തായി മാറുന്നു. സ്വർഗ്ഗത്തിന്റെ അധികാരിയായി മാറുന്നു. അത് വജ്രസമാനമായ ജന്മമാണ്. ഇപ്പോഴാണെങ്കിൽ കക്കക്ക് സമാനമായ ജന്മമാണ്. ഇപ്പോൾ ബാബ ഓർമ്മയിലിരിക്കുന്നതിന്റെ സൂചന നൽകുന്നു. നിങ്ങൾ വിളിക്കുകയും ചെയ്യുന്നു വന്ന് ഞങ്ങളെ പതിതത്തിൽ നിന്നും പാവനമാക്കി മാറ്റൂ. സത്യയുഗത്തിൽ സമ്പൂർണ്ണ നിർവികാരിയാണ്. രാമനെയും സീതയേയും പോലും സമ്പൂർണ്ണമെന്ന് പറയില്ല. അവർ സെക്കന്റ് ഗ്രേഡിലേക്ക് പോയി. ഓർമ്മയുടെ യാത്രയിൽ പാസ്സായില്ല. ജ്ഞാനത്തിൽ ഒരുപക്ഷേ വളരെ തീക്ഷ്ണമാകാം, എന്നാൽ ഒരിക്കലും ബാബക്ക് മധുരമായി തോന്നില്ല. ഓർമ്മയിലിരുന്നാലേ മധുരമായി മാറൂ. പിന്നീട് ബാബയെയും നിങ്ങൾക്ക് മധുരമായി തോന്നും. പഠിപ്പാണെങ്കിൽ തീർത്തും സാധാരണമാണ്, പവിത്രമായി മാറണം, ഓർമ്മയിലിരക്കണം. ഇത് നല്ല രീതിയിൽ നോട്ട് ചെയ്യൂ പിന്നീട് എപ്പോഴെങ്കിലും പ്രശ്നമുണ്ടാകുകയാണ്, അഹങ്കാരം വരുകയാണ് – ഓർമ്മയുടെ യാത്രയിലിരിക്കുന്നതിലൂടെ അത് ഒരിക്കലും ഉണ്ടാകില്ല. മുഖ്യമായ കാര്യം സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ലോകത്തിൽ മനുഷ്യർ എത്രയാണ് വഴക്കടിച്ചുകൊണ്ടിരിക്കുന്നത്. ജീവിതത്തെത്തന്നെ വിഷത്തിന് സമാനമാക്കി മാറ്റുന്നു. ഈ അക്ഷരം സത്യയുഗത്തിൽ ഉണ്ടാവില്ല. മുന്നോട്ട് പോകുമ്പോൾ ഇവിടുത്തെ മനുഷ്യരുടെ ജീവിതം ഒന്ന് കൂടി വിഷമായി മാറും. ഇത് വിഷയസാഗരമാണ്. ഘോരനരകത്തിൽ എല്ലാവരും അകപ്പെടുന്നു, വളരെ മോശമാണ്. ദിവസംതോറും മലിനത വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഇതിനെ ഡർട്ടി വേൾഡ് എന്ന് പറയുന്നു. പരസ്പരം ദു:ഖം കൊടുത്തുകൊണ്ടിരിക്കുന്നു എന്തുകൊണ്ടെന്നാൽ ദേഹാഭിമാനത്തിന്റെ ഭൂതമാണ്. കാമത്തിന്റെ ഭൂതമാണ്. ബാബ പറയുന്നു ഈ ഭൂതങ്ങളെ ഓടിക്കൂ. ഈ ഭൂതം തന്നെയാണ് നിങ്ങളുടെ മുഖം കറുത്തതാക്കുന്നത്. കാമചിതയിലിരുന്ന് കറുത്തതായിമാറുന്നു അപ്പോളാണ് ബാബ പറയുന്നത് പിന്നീട് ഞാൻ വന്ന് ജ്ഞാനാമൃതത്തിന്റെ മഴ പെയ്യിക്കുന്നു. ഇപ്പോൾ നിങ്ങൾ എന്തായി മാറുന്നു! അവിടെയാണെങ്കിൽ വജ്രത്തിന്റെ കൊട്ടാരമുണ്ടാകും, എല്ലാ പ്രകാരത്തിലുമുള്ള വൈഭവങ്ങളും ഉണ്ടാകും. ഇവിടെയാണെങ്കിൽ എല്ലാം മായം ചേർത്ത വസ്തുക്കളാണ്. പശുക്കളുടെ ഭക്ഷണം നോക്കൂ, എല്ലാത്തിൽ നിന്നും സത്ത് മാറ്റി ബാക്കി നൽകുന്നു. പശുവിന് ആഹാരം പോലും നല്ലത് ലഭിക്കുന്നില്ല. കൃഷ്ണന്റെ പശുക്കളെ നോക്കൂ എത്ര ഒന്നാന്തരമായാണ് കാണിക്കുന്നത്. സത്യയുഗത്തിൽ പശുക്കൾ അങ്ങനെയുള്ളതാണ് ഉണ്ടാവുക, ചോദിക്കേണ്ട കാര്യമില്ല. കാണുമ്പോൾ തന്നെ സന്തോഷം വരുന്നു. ഇവിടെയാണെങ്കിൽ എല്ലാ വസ്തുക്കളിൽ നിന്ന് സത്ത് പുറത്തെടുത്തു മാറ്റുന്നു. ഇത് വളരെ മോശമായ മലിനമായ ലോകമാണ്. നിങ്ങൾക്ക് ഇതിനോട് മനസ്സ് വെക്കേണ്ടതില്ല. ബാബ പറയുന്നു നിങ്ങൾ എത്ര വികാരിയായി മാറിയിരിക്കുന്നു. യുദ്ധത്തിൽ നോക്കൂ പരസ്പരം എങ്ങനെയാണ് കൊന്നുകൊണ്ടിരിക്കുന്നത്. അറ്റോമിക് ബോംബുകൾ ഉണ്ടാക്കുന്നവർക്ക് പോലും എത്ര അംഗീകാരമാണ്, ഇതിലൂടെ എല്ലാത്തിന്റെയും വിനാശമുണ്ടാകുന്നു. ബാബയിരുന്ന് പറയുകയാണ് – ഇന്നത്തെ മനുഷ്യർ ആരാണ്, നാളെ എന്താകും. ഇപ്പോൾ നിങ്ങൾ ഇടയിലാണ്. സത്സംഗം ഉയർത്തും കുസംഗം താഴ്ത്തും. നിങ്ങൾ പുരുഷോത്തമനായി മാറുന്നതിന് വേണ്ടി ബാബയുടെ കൈ പിടിച്ചിരിക്കുകയാണ്. ചിലർ നീന്താൻ പഠിക്കുമ്പോൾ പഠിപ്പിക്കുന്ന ആളുടെ കൈയ്യിൽ പിടിക്കുന്നു. ഇല്ലായെങ്കിൽ വെള്ളം കുടിക്കും, ഇതിലും കൈ പിടിക്കുന്നു. ഇല്ലായെങ്കിൽ മായ ആകർഷിക്കുന്നു. നിങ്ങൾ ഈ മുഴുവൻ വിശ്വത്തെയും സ്വർഗ്ഗമാക്കി മാറ്റുന്നു. സ്വയത്തെ ലഹരിയിലേക്ക് കൊണ്ടു വരണം. നമ്മൾ ശ്രീമതത്തിലൂടെ തന്റെ രാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. എല്ലാ മനുഷ്യരും ദാനമെല്ലാം ചെയ്യുന്നുണ്ട്. സന്യാസിമാർക്ക് നൽകുന്നു. തീർത്ഥയാത്രയിൽ വഴികാട്ടികൾക്ക് ദാനം നൽകുന്നു, ഒരു പിടി

അരിയെങ്കിലും തീർച്ചയായും ദാനം ചെയ്യും. അതെല്ലാം ഭക്തിമാർഗ്ഗത്തിൽ നടന്നു വരുന്നതാണ്. ഇപ്പോൾ ബാബ നമ്മെ ഡബിൾ ദാനിയാക്കി മാറ്റുന്നു. ബാബ പറയുകയാണ് മൂന്നടി മണ്ണിൽ നിങ്ങൾ ഈ ഈശ്വരീയ യൂണിവേഴ്സിറ്റി, ഈശ്വരീയ ഹോസ്പിറ്റൽ തുറക്കൂ ഏതിലാണോ മനുഷ്യർ 21 ജന്മത്തേക്ക് വേണ്ടി വന്ന് ആരോഗ്യം നേടുക. ഇവിടെയാണെങ്കിൽ എങ്ങനെയെങ്ങനെയുള്ള രോഗങ്ങളാണ് ഉണ്ടാകുന്നത്. രോഗത്തിൽ എത്ര ദുർഗന്ധമാണ് ഉണ്ടാകുന്നത്. ഹോസ്പിറ്റൽ കാണുമ്പോൾ തന്നെ മടുപ്പ് വരുന്നു. കർമ്മഭോഗം എത്രയാണ്. ഇങ്ങനെയുള്ള എല്ലാ ദു:ഖങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിന് വേണ്ടി ബാബ പറയുകയാണ് - കേവലം ഓർമ്മിക്കൂ മറ്റൊരു ബുദ്ധിമുട്ടും നിങ്ങൾക്ക് നൽകുന്നില്ല. ബാബക്കറിയാം കുട്ടികൾ വളരെയധികം ബുദ്ധിമുട്ട് നേരിട്ടിട്ടുണ്ട്. വികാരീ മനുഷ്യരുടെ മുഖം തന്നെ മാറുന്നു. പെട്ടെന്ന് ശവത്തെപ്പോലെയാകുന്നു. മദ്യപാനിക്ക് മദ്യമില്ലാതെ ജീവിക്കാൻ സാധിക്കില്ല എന്നപോലെ. മദ്യത്തിലൂടെ വളരെ ലഹരി വർദ്ധിക്കുന്നു എന്നാലത് അൽപകാലത്തേക്കാണ്. ഇതിലൂടെ വികാരീ മനുഷ്യരുടെ ആയുസ്സും വളരെ കുറയുന്നു. നിർവികാരീ ദേവതകളുടെ ആയുസ്സ് ഏകദേശം 125-150 വർഷം ഉണ്ടാകുന്നു. സദാ ആരോഗ്യമുണ്ടെങ്കിൽ ആയുസ്സും വർദ്ധിക്കുമല്ലോ. നിരോഗീ ശരീരമാകുന്നു. ബാബയെ അവിനാശീ സർജനെന്നും പറയുന്നു. ജ്ഞാന ഇൻജക്ഷൻ അവിനാശീ സർജൻ നൽകിയപ്പോൾ അജ്ഞാന അന്ധകാരം വിനാശമായി. ബാബയെ അറിയുന്നേയില്ല അതുകൊണ്ടാണ് അജ്ഞാന അന്ധകാരമെന്ന് പറയുന്നത്, ഭാരതവാസികളുടെ തന്നെ കാര്യമാണ്. ക്രിസ്തുവിനെ അറിയാം ഇന്ന വർഷത്തിൽ വന്നു. എങ്ങനെയാണ് പോപ്പ് നമ്പർവൈസായി സിംഹാസനത്തിൽ ഇരിക്കുന്നത് അതിന്റെയെല്ലാം മുഴുവൻലിസ്റ്റുമുണ്ട്. ഒരു ഭാരതത്തിന്റെ മാത്രം ജീവിതകഥ ആർക്കുമറിയില്ല. വിളിക്കുന്നുമുണ്ട് ദു:ഖഹർത്താ സുഖകർത്താ പരമാത്മാ, അല്ലയോ മാത്-പിതാ..... ശരി, എങ്കിൽ മാതാ-പിതാവിന്റെ ജീവിതകഥ പറയൂ. ഒന്നും തന്നെ അറിയില്ല.

നിങ്ങൾക്കറിയാം - ഇത് പുരുഷോത്തമ സംഗമയുഗമാണ്. നമ്മളിപ്പോൾ പുരുഷോത്തമനായി മാറികൊണ്ടിരിക്കുകയാണങ്കിൽ പൂർണ്ണമായി പഠിക്കണം. ലോകത്തിന്റെ കുലമര്യാദയിലും വളരെയധികം കുടുങ്ങിയിരിക്കുന്നു. ഈ ബാബ ഒന്നും ശ്രദ്ധിച്ചില്ല. എത്ര ഗ്ലാനി മുതലായവ അനുഭവിച്ചു - ചിന്തയിലോ സ്വപ്നത്തിലോ ഉണ്ടായിരുന്ന കാര്യമല്ല. വഴിയിലൂടെ പോയിക്കൊണ്ടിരിക്കെ ബ്രാഹ്മണൻ അകപ്പെട്ടു. ബാബ ബ്രാഹ്മണനാക്കി അപ്പോൾ ഗ്ലാനി അനുഭവിക്കാൻ തുടങ്ങി. മുഴുവൻ പഞ്ചായത്തും ഒരു ഭാഗത്ത്, ബാബ മറുഭാഗത്ത്. മുഴുവൻ സിന്ധി പഞ്ചായത്തും പറഞ്ഞു ഇതെന്താണ് ചെയ്യുന്നത്! നോക്കൂ, ഗീതയിൽ ഭഗവാന്റെ വാക്കുകളുണ്ടല്ലോ - കാമം മഹാ ശത്രുവാണ്, ഇതിൽ വിജയം നേടുകയാണെങ്കിൽ വിശ്വത്തിന്റെ അധികാരിയായി മാറാം. ഇത് ഗീതയിലെ ശബ്ദമാണ്. എന്നോടും ആരോ പറയുന്നു കാമ വികാരത്തെ ജയിക്കുന്നതിലൂടെ നിങ്ങൾ ലോകത്തെ ജയിച്ചവരായി മാറും. ഈ ലക്ഷ്മീ നാരായണനും വിജയം നേടിയവരല്ലേ. ഇതിൽ യുദ്ധം മുതലായവയുടെ ഒരു കാര്യവുമില്ല. നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവി നൽകാൻ വന്നതാണ്. ഇപ്പോൾ പവിത്രമാകൂ ബാബയെ ഓർമ്മിക്കൂ. പത്നി പറയും ഞാൻ പാവനമാകും, പതി പറയും ഞാൻ ആകില്ല. ഒരാൾ ഹംസവും ഒരാൾ കൊറ്റിയുമാകുന്നു. ബാബ വന്ന് ജ്ഞാനരത്നം തിരഞ്ഞെടുക്കുന്ന ഹംസമാക്കി മാറ്റുന്നു. എന്നാൽ ഒരാൾ ആകുന്നു, മറ്റൊരാൾ ആകുന്നില്ല അപ്പോൾ വഴക്കുണ്ടാകുന്നു. തുടക്കത്തിൽ വളരെയധികം പ്രശ്നമായിരുന്നു. ഇപ്പോൾ ഇത്രയും ധൈര്യം ആരിലുമില്ല. പറയുന്നു ഞങ്ങൾ അധികാരിയാണ്, എന്നാൽ അധികാരിയാവുന്നതിന്റെ കാര്യം വേറെയാണ്. തുടക്കത്തിൽ അത്ഭുതമായിരുന്നു. വലിയ വലിയ വീട്ടിലുള്ളവർ സമ്പത്ത്നേടാനായി പെട്ടെന്ന് ഉപേക്ഷിച്ച് വന്നു . അതിനാൽ അവർ യോഗ്യരായി മാറി. ആദ്യമാദ്യം വന്നവർ അത്ഭുതം ചെയ്തു. ഇപ്പോൾ ഇങ്ങനെ ചിലർ വിരളമായേ വരൂ. അനേകം ലോക മര്യാദകളുണ്ട്. ആദ്യം ആരാണോ വന്നത് അവർ വളരെയധികം ധൈര്യം കാണിച്ചു. ഇപ്പോൾ ആരും ഇത്രയും സാഹസം കാണിക്കുന്നില്ല - വളരെ ബുദ്ധിമുട്ടാണ്. അതെ, പാവങ്ങൾക്ക് ധൈര്യം വെക്കാൻ സാധിക്കുന്നു. മാലയിലെ മുത്തായി മാറണം. അതിനാൽ പുരുഷാർത്ഥം ചെയ്യേണ്ടതുണ്ട്. മാലയാണെങ്കിൽ വളരെ വലുതാണ്. 8 ന്റെയുമുണ്ട്, 108 ന്റെയുമുണ്ട്, പിന്നീട് 16108 ന്റെയുമുണ്ട്. ബാബ സ്വയം പറയുകയാണ് വളരെ വളരെ പരിശ്രമം ചെയ്യൂ. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. സത്യം പറയുന്നില്ല. നല്ല നല്ലവർ ആരാണോ സ്വയം നല്ലവരെന്ന് മനസ്സിലാക്കുന്നത്, അവരിൽ നിന്നുപോലും വികർമ്മം ഉണ്ടാകുന്നു. ജ്ഞാനീ തൂ ആത്മാവാണ്. വിവേകം നല്ലതാണ് എന്നാൽ യോഗമില്ല, ഹൃദയത്തിൽ കയറില്ല. ഓർമ്മയിലിരിക്കുന്നില്ലായെങ്കിൽ ഹൃദയത്തിൽ കയറുകയില്ല. ഓർമ്മയിലൂടെ മാത്രമേ ഓർമ്മ ലഭിക്കുകയുള്ളൂവല്ലോ. തുടക്കത്തിൽ പെട്ടെന്ന് അവകാശിയായി. അവകാശിയാവുക ചിറ്റമ്മയുടെ വീട്ടിൽ പോകുന്നത്ര എളുപ്പമല്ല. മുഖ്യമായ കാര്യം ഓർമ്മയാണ്, അപ്പോഴാണ് സന്തോഷത്തിന്റെ രസം ഉയരുക. പിന്നീട് നിങ്ങൾക്ക് എല്ലാ സാക്ഷാത്ക്കാരവും ഉണ്ടാകും. കൂടുതൽ ഓർമ്മിക്കുന്നവർക്ക് എന്ത് പദവിയാണ് ലഭിക്കുന്നത്. ഏറ്റവും അവസാനം സാക്ഷാത്ക്കാരമുണ്ടാകും. എപ്പോൾ വിനാശമുണ്ടാകുന്നുവോ അപ്പോൾ നിങ്ങൾ സ്വർഗ്ഗത്തിന്റെ സാക്ഷാ

ത്ക്കാരത്തിന്റെ ഹൽവ കഴിക്കും. ബാബ ഇടക്കിടക്ക് മനസ്സിലാക്കിത്തരികയാണ് – ഓർമ്മയെ വർദ്ധിപ്പിക്കൂ. ആർക്കാണോ കുറച്ച് മനസ്സിലായത് – ഇതിൽ ബാബ സന്തോഷിക്കുന്നില്ല. ഒരു പണ്ഡിതന്റെയും കഥയുണ്ടല്ലോ. പറഞ്ഞു രാമ–രാമ പറയുന്നതിലൂടെ സാഗരം മറികടക്കും. ഇത് കാണിക്കുന്നത് – നിശ്ചയത്തിൽ തന്നെയാണ് വിജയം. ബാബയിൽ സംശയം വരുന്നതിലൂടെ ഓടിപ്പോകുന്നു. ബാബയുടെ ഓർമ്മയിലൂടെ തന്നെയാണ് പാപം മുറിയുന്നത്, രാവും പകലും പരിശ്രമം ചെയ്യണം. പിന്നീട് കർമ്മേന്ദ്രിയങ്ങളുടെ ചഞ്ചലത അവസാനിക്കും. ഇതിൽ ഒരുപാട് പരിശ്രമമുണ്ട്. അനേകരുണ്ട് അവർക്ക് ഓർമ്മയുടെ ചാർട്ടുണ്ടായിരിക്കുകയില്ല. ഫൗണ്ടേഷനില്ല. എത്ര സാധിക്കുമോ എങ്ങനെയും ഓർമ്മിക്കണം അപ്പോഴേ സതോപ്രധാനം, 16 കലാസമ്പൂർണ്ണമാകൂ. പവിത്രയോടൊപ്പം ഓർമ്മയുടെ യാത്രയും ആവശ്യമാണ്. പവിത്രമായിരിക്കുന്നതിലൂടെയേ ഓർമ്മയിലിരിക്കാൻ സാധിക്കൂ. ഈ പോയിന്റ് നല്ല രീതിയിൽ ധാരണ ചെയ്യൂ. ബാബ വളരെ നിരഹങ്കാരിയാണ്. മുന്നോട്ട് പോകുമ്പോൾ നിങ്ങളുടെ കാൽക്കൽ എല്ലാവരും നമിക്കും. പറയും ഈ മാതാക്കൾ സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കുന്നു. ഓർമ്മയുടെ മൂർച്ച ഇപ്പോൾ കുറവാണ്. ഒരു ദേഹധാരിയേയും ഓർമ്മിക്കരുത്. തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമായി മാറുന്നതിൽ തന്നെയാണ് പരിശ്രമം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യസാരം–

1. ഈ പതിതവും മോശവുമായ ദുഖം നിറഞ്ഞ ലോകത്തോട് മനസ്സ് വെക്കരുത്. ഒരു ബാബയുടെ കൈ പിടിച്ച് ഇതിലൂടെ മുന്നോട്ട് പോകണം.

2. മാലയുടെ മുത്തായി മാറുന്നതിന് വേണ്ടി വളരെ സാഹസത്തോടെ പുരുഷാർത്ഥം ചെയ്യണം. ജ്ഞാന രത്നം തിരഞ്ഞെടുക്കുന്ന ഹംസമായി മാറണം. ഒരു വികർമ്മവും ചെയ്യരുത്.

## വരദാനം–നിമിത്തഭാവത്തിലൂടെ സേവനങ്ങളിൽ സഫലത പ്രാപ്തമാക്കുന്ന ശ്രേഷ്ഠ സേവാധാരിയായി ഭവിക്കട്ടെ.

നിമിത്തഭാവം സേവനങ്ങളിൽ സ്വതവേ സഫലത നൽകുന്നു.നിമിത്തഭാവമില്ലെങ്കിൽ സഫലതയുമില്ല.ശ്രേഷ്ഠ സേവാധാരിയെന്നാൽ ബാബയുടെ ഓരോ ചുവടും പിൻതുടരുന്നവർ എന്നാണർത്ഥം.ഓരോ ചുവടും ശ്രേഷ്ഠമായ നിർദേശങ്ങളിലൂടെ ശ്രേഷ്ഠമാക്കുന്നവർ.സേവനങ്ങളിലും സ്വയത്തിലും എത്രത്തോളം വ്യർത്ഥം സമാപ്തമാക്കുന്നുവോ അത്രത്തോളം സമർത്ഥമാവുകയും സമർത്ഥ ആത്മാവായി ഓരോ ചുവടിലും സഫലത പ്രാപ്തമാക്കുകയും ചെയ്യുന്നു.സ്വയം സദാ ഉൻമേഷ–ഉൽസാഹത്തിലിരിക്കുകയും മറ്റുള്ളവരിലും ഉൻമേഷ–ഉൽസാഹം ഉണ്ടാക്കുകയും ചെയ്യുന്നവരാണ് ശ്രേഷ്ഠസേവാധാരികൾ.

## സ്ലോഗൻ– ഈശ്വരീയസേവനങ്ങൾക്കായി സ്വയം ഓഫർ ചെയ്യുകയാണെങ്കിൽ അഭിനന്ദനങ്ങൾ ലഭിച്ചുകൊണ്ടിരിക്കും.

**അവ്യക്തസൂചന–സഹജയോഗിയായി മാറണമെങ്കിൽ പരമാത്മാസ്നേഹത്തിന്റെ അനുഭവികളായി മാറൂ**
പരമാത്മാസ്നേഹത്തിന്റെ ഈചരട് ദൂരെദൂരെ നിന്നുവരെ ആകർഷിച്ച് കൊണ്ടുവരുന്നതാണ്.ഇത് അത്രക്ക് സുഖദായിയായ സ്നേഹമാണ്.ഈ സ്നേഹത്തിൽ ഒരു സെക്കന്റുപോലും മുഴുകിയാൽ അനേകം ദുഃഖങ്ങൾ മറന്നുപോകും മാത്രമല്ല സദാകാലത്തേക്കുമായി സുഖത്തിന്റെ ഊഞ്ഞാലിൽ ആടാൻ തുടങ്ങുകയും ചെയ്യും.ബാബക്ക് താങ്കൾകുട്ടികളോട് ഇത്രയധികം സ്നേഹമുണ്ട് അതിനാൽ സുഖശാന്തിയുടെ എല്ലാ ആഗ്രഹങ്ങളും പൂർത്തീകരിക്കുന്നു.ബാബ സുഖം തരുകമാത്രമല്ല സുഖത്തിന്റെ ഭണ്ഡാരത്തിന്റെ അധികാരിയാക്കി മാറ്റുകകൂടി ചെയ്യുന്നു.